(ഡി) പോലീസ് ഉദ്യോഗസ്ഥരും ഗുണ്ടകളുമായുള്ള ബന്ധത്തെ സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്താമോ;

(ഇ) ഗുണ്ടകളും രാഷ്ട്രീയക്കാരും പ്രതികളായുള്ള കേസുകളിൽ എത്രയെണ്ണത്തിന് അന്തിമ റിപ്പോർട്ട് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(എഫ്) ഗുണ്ടാ ആക്രമണം തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) സംഘടിതവും അല്ലാതെയുമുള്ള കുലിത്തല്ലുകാരുടേയും സാമൂഹ്യ വിരുദ്ധരുടേയും ആക്രമണ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(ബി) രാഷ്ട്രീയക്കാരും സാമൂഹ്യവിരുദ്ധരും കുലിത്തല്ലുകാരുമായി ബന്ധപ്പെട്ട് 6 കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഗുണ്ടകളും പോലീസ് ഉദ്യോഗസ്ഥരും പ്രതികളായി കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) പരാതി ലഭിച്ചിട്ടില്ല.

(ഇ) സാമൂഹ്യവിരുദ്ധരും കുലിത്തല്ലുകാരുമായി ബന്ധപ്പെട്ട 2 കേസുകൾ അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

(എഫ്) സാമൂഹ്യ വിരുദ്ധരേയും, സംഘടിതവും അല്ലാതെയുമുള്ള കുലി ത്തല്ലു നടത്തുന്നവരേയും റൗഡി ഹിസ്റ്ററി ഷീറ്റുകളിൽ ഉൾപ്പെടുത്തി അവരുടെ നീക്കങ്ങൾ സദാ നിരീക്ഷിക്കുകയും മുൻകരുതൽ അറസ്റ്റ് നല്ല നടപ്പ് (സി.ആർ.പി.സി. 107, 110) തുടങ്ങി നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചു വരുന്നു.

വ്യാജ പോസ്റ്റർ സംബന്ധിച്ച അന്വേഷണം

170 [839] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയും ഉത്തരേന്ത്യയിലെ വിവാദ പുരുഷനായ ഒരു തീവ്രവാദി നേതാവും ഒരുമിച്ച് നിൽക്കുന്നതായ ഫോട്ടോ വ്യാജമായി നിർമ്മിച്ച് പോസ്റ്റർ ഉണ്ടാക്കി എറണാകുളം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഒട്ടിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോസ്റ്റർ വ്യാജമായി നിർമ്മിച്ച് ഒട്ടിച്ചത് സംബന്ധിച്ച് വിവിധ പത്രങ്ങളിൽ വന്ന വാർത്തകൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ഈ സംഭവം സംബന്ധിച്ച് പോലീസ് ഏതെങ്കിലും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഈ കേസിലെ പ്രതികളുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(ഇ) ഇതിനകം പ്രതികളിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഇത് സംബന്ധിച്ച് നിയമ സഹായ വേദി ചെയർമാൻ അഡ്വക്കേറ്റ് സ്റ്റീഫൻ റൊസാരിയോ ബഹു. തിരുവനന്തപുരം അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരാക്കിയ അന്യായം സി.എം.പി. നം. 2203/04 ആയി ഫയലിൽ സ്വീകരിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിലേക്കായി വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ അയച്ചു കിട്ടിയതിന്റെ അടിസ്ഥാനത്തിൽ ക്രൈം. നം. 132/04. യു/എസ്/120. ബി, 465, 471 ആന്റ് 34. ഐ.പി.സി. പ്രകാരം 31-5-2004-ന് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ഡി) കേസ് അന്വേഷണം നടത്തിവരുന്നു. പ്രതികളെപ്പറ്റി അറിവായിട്ടില്ല.

(ഇ) ഉത്തരം 'ഡി'-യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പോലീസ് സേനയിലെ ആധുനികവൽക്കരണ നടപടി

171 [840] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ആധുനികവൽക്കരണത്തിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് ഇനി സ്വീകരിക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി ആകെ എന്ത് ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly